10 ശതമാനം പലിശ നിരക്കിലാണ്. അതു കുറയ്ക്കുവാനായി നിരന്തരം ശ്രദ്ധിച്ചു കൊണ്ടിരിക്കുന്നു.

ചെറുകിട വ്യവസായങ്ങൾക്ക് കണക്ഷനുവേണ്ടി ലഭിച്ച അപേക്ഷകൾ

13 [5970] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:
,, സി. മമ്മൂട്ടി:
,, സി. മോയിൻകുട്ടി:
,, ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായങ്ങൾക്ക് മിനിമം ഗ്യാരണ്ടിയിൽ വൈദ്യുതി കണക്ഷൻ നൽകുന്നത് സംബന്ധിച്ച് കഴിഞ്ഞ 2002-03 വർഷത്തിൽ മലപ്പുറം ജില്ലയിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര അപേക്ഷകർക്ക് കണക്ഷൻ കൊടുത്തു എന്ന് വ്യക്തമാക്കാമോ;

(സി) എത്ര അപേക്ഷകൾ ബാക്കിയുണ്ടെന്നും എന്നേക്ക് വൈദ്യുതി കൊടുക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 425 അപേക്ഷകൾ

(ബി) 389 എണ്ണം

(സി) 36 എണ്ണം ബാക്കിയുണ്ട്. അപേക്ഷകർ തയ്യാറല്ലാത്തതിനാലാണ് കണക്ഷൻ കൊടുക്കാൻ താമസം നേരിടുന്നത്.

സൗജന്യമായി നൽകുന്ന വൈദ്യുതി

14 [5971] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോരുത്തർക്കും എത്ര യൂണിറ്റ് വൈദ്യുതി സൗജന്യമായി നൽകിവരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഗാർഹികേതര ആവശ്യങ്ങൾക്ക് വൈദ്യുതി സൗജന്യമായി വിതരണം ചെയ്തു വരുന്നുണ്ടോ;

(സി) ഇത്തരത്തിൽ വൈദ്യുതി സൗജന്യമായി എന്നുമുതലാണ് വിതരണം ചെയ്തു തുടങ്ങിയതെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly